**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 810** **06-10-2021 - ൽ മറുപടിയ്ക്ക്**

**ആദിവാസി ഹോസ്റ്റലുകൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ, ആദിവാസി ഹോസ്റ്റലുകൾ എന്നിവ മെച്ചപ്പെടുത്തുവാനുള്ള പദ്ധതിയ്ക്കായി നീക്കിവെച്ച തുകയിൽ നിന്നും 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ എത്ര രൂപ വീതം വിനിയോഗിച്ചു വെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ; പ്രസ്തുത ഫണ്ട് വിനിയോഗം കുറഞ്ഞതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ? | (എ) | ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, പട്ടികവർഗ്ഗ ഹോസ്റ്റലുകൾ എന്നിവ മെച്ചപ്പെടുത്തുന്നതിനായി പ്രത്യേക ശീർഷകം നിലവിലില്ല. EMRS, ഹോസ്റ്റൽ എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട 4225-02-277-42-Construction of MRS, Boys and Girls Hostels (Plan) എന്ന ശീർഷകം പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ നിയന്ത്രണത്തിൽ ഉള്ളതായതിനാൽ വകുപ്പിൽ നിന്നും ലെറ്റർ ഓഫ് ക്രെഡിറ്റ് പ്രൊപ്പോസൽ പൊതുമരാമത്ത് വകുപ്പിന് നൽകുന്ന രീതിയാണ് നിലവിലുള്ളത്. പ്രസ്തുത ശീർഷകത്തിൽ നിന്നും 2019-20, 2020-21 വർഷത്തെ വിനിയോഗം ചുവടെ ചേർക്കുന്നു. വർഷം അലോട്ട്മെന്റ് വിനിയോഗം PWDയിൽ നിന്നും ലഭ്യമാകാനുണ്ടായിരുന്ന LOC പ്രൊപ്പോസൽ തുക 2019-20 12 കോടി രൂപ 12.35 കോടി രൂപ 2.91 കോടി രൂപ 2020-21 8 കോടി രൂപ 3.63 കോടി രൂപ 2.29 കോടി രൂപ കോവിഡ് വ്യാപന പ്രതിരോധവുമായി ബന്ധപ്പെട്ട് ലോക്ഡൗൺ നിയന്ത്രണങ്ങൾ നിലവിൽ വന്നതിനാലും, നിർമ്മാണ പ്രവർത്തനങ്ങൾക്കും, അന്തർ ജില്ലാ യാത്രകൾക്കും വിലക്കു വന്നതിനാലും, നിർമ്മാണ തൊഴിലാളികളുടെ കുറവ് കൊണ്ടുമാണ് പ്രസ്തുത ഫണ്ടിന്റെ വിനിയോഗത്തിൽ കുറവ് വന്നിട്ടുള്ളത്. അവ പരിഹരിക്കുന്നതിനുള്ള നടപടികൾ വകുപ്പ് കൈക്കൊണ്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ